# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
*ഫോൺ:* 0481-2733370

## വാർത്താക്കുറിപ്പ്

**2026 ഫെബ്രുവരി 10**

---

## ഏകദിന ശില്പശാല

*ഗവേഷണ പ്രബന്ധങ്ങളിലും ലേഖനങ്ങളിലും അവലംബങ്ങൾ* (Citations) *എളുപ്പത്തിൽ ഉൾപ്പെടുത്താൻ സഹായിക്കുന്ന 'സൊട്ടേറോ'* (Zotero) *സ്വതന്ത്ര സോഫ്റ്റ് വെയറിനെക്കുറിച്ച് മഹാത്മാഗാന്ധി സർവകലാശാല ലൈബ്രറി ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു. ഫെബ്രുവരി 21 ശനിയാഴ്ച രാവിലെ 10.30 മുതൽ വൈകുന്നേരം 4 മണി വരെയാണ് ശില്പശാല.*

*വിദ്യാർത്ഥികൾക്കും ഗവേഷകർക്കും അധ്യാപകർക്കും പങ്കെടുക്കാം. 150 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. ഫെബ്രുവരി 19-നകം പേര് രജിസ്റ്റർ ചെയ്യണം. വിശദ വിവരങ്ങൾക്ക്* https://library.mgu.ac.in *ഫോൺ 9495161509, 7025440235, 9037758306*

*(പി.ആർ.ഓ/39/123/2026)*

## അപേക്ഷാ തീയതി നീട്ടി

*മഹാത്മാഗാന്ധി സർവകലാശാലയുടെ 2025 വർഷത്തെ (ഡിസംബർ സെഷൻ) പിഎച്ച്.ഡി പ്രവേശനത്തിനായി ഓൺലൈനായി അപേക്ഷിക്കുവാനുള്ള അവസാന തീയതി ഫെബ്രുവരി 16 വരെ നീട്ടി.*

*താല്പര്യമുള്ളവർക്ക്* https://researchonline.mgu.ac.in *എന്ന പോർട്ടൽ മുഖേന ഫെബ്രുവരി 16ന് വൈകുന്നേരം 5 മണിക്ക് മുൻപായി ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം.*

*(പി.ആർ.ഓ/39/124/2026)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽഎൽബി (2024 അഡ്മിഷൻ റഗുലർ, 2020 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഫെബ്രുവരി 16 വരെ അപേക്ഷിക്കാം. ഫൈനോടുകൂടി ഫെബ്രുവരി 17 വരെയും സൂപ്പർ ഫൈനോടുകൂടി ഫെബ്രുവരി 18 വരെയും അപേക്ഷ സ്വീകരിക്കും.*

..............................................

*അഫിലിയേറ്റഡ് കോളേജുകളിലെ അഞ്ചാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽഎൽബി (2023 അഡ്മിഷൻ റഗുലർ, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഫെബ്രുവരി 16 വരെ അപേക്ഷിക്കാം. ഫൈനോടുകൂടി ഫെബ്രുവരി 17 വരെയും സൂപ്പർ ഫൈനോടുകൂടി ഫെബ്രുവരി 18 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/125/2026)*

## <u>പ്രാക്ടിക്കൽ</u>

*ഒന്നാം സെമസ്റ്റർ എംഎസ്.സി ഇൻഡസ്ട്രിയൽ കെമിസ്ട്രി (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രുവ്മെന്റ്, 2019 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) ഡിസംബർ 2025ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 20 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

..............................................

*ഒന്നാം സെമസ്റ്റർ എംഎസ്.സി ബയോഇൻഫർമാറ്റിക്സ് (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രുവ്മെന്റ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) ഡിസംബർ 2025ന്റെ പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി 11ന് തിരുവല്ല മാർ അത്തനേഷ്യസ് കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിൽ  നടക്കും.ടൈം ടേബിൾ വെബ്സൈറ്റിൽ.*

..............................................

*ഒന്നാം സെമസ്റ്റർ എം.എസ്.സി ഹോം സയൻസ് (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്)ഡിസംബർ 2025 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 16ന് അങ്കമാലി മോർണിംഗ് സ്റ്റാർ കോളേജ്, കോട്ടയം ബി.സി.എം കോളജ് എന്നിവിടങ്ങളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

..............................................

*നാലാം സെമസ്റ്റർ എം.എഡ് സ്പെഷ്യൽ എജ്യുക്കേഷൻ - ഇൻറലക്ച്വൽ ഡിസെബിലിറ്റി (2024 അഡ്മിഷൻ റഗുലർ) ഫെബ്രുവരി 2026 ന്റെ പ്രാക്ടിക്കൽ*

*പരീക്ഷ ഫെബ്രുവരി 13ന് മൂവാറ്റുപുഴ നിർമല സദൻ ട്രെയിനിംഗ് കോളജ് ഫോർ സ്പെഷ്യൽ എഡ്യുക്കേഷനിൽ നടക്കും.  ടൈംടേബിൾ വെബ്സൈറ്റിൽ.*

*(പി.ആർ.ഓ/39/126/2026)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**